**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്കായിരുന്ന ഡി.വിജയകുമാറിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം: 2240/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 14.08.2018

---

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 13.07.2018 തിയതിയിലെ ഇ 3-12849/ 18 നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 17.07.2018 തിയതിയിലെ ഇ 3-12849/ 18 നമ്പർ കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്കായിരുന്ന ഡി. വിജയകുമാർ 23.05.1990 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ് എന്നും ടിയാന്റെ പ്രൊബേഷൻ കാലയളവ് 14.12.1992 ൽ പൂർത്തിയായിരുന്നുവെങ്കിലും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷകൾ പാസ്സായിരുന്നില്ല എന്നും, 26.07.1961 ജനനത്തീയതിയുള്ള ടിയാന് 26.07.2011 ൽ 50 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് 23.01.2013 തീയതിയിലെ ഉത്തരവ് പ്രകാരം സീനിയർ ക്ലർക്ക തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയതായും, ടിയാന്റെ പ്രൊബേഷൻ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് (14.12.1993 വരെ) ദീർഘിപ്പിച്ചുനൽകിയിട്ടുള്ളതായും ആയതിനാൽ 03.02.2017 ൽ മരണപ്പെട്ടിട്ടുള്ള ഡി.വിജയകുമാർ - ന്റെ പ്രൊബേഷൻ ടിയാന് 50 വയസ്സ് പൂർത്തിയായ 26.07.2011 ന് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക തരത്തിൽ പ്രൊബേഷൻ കാലയളവ് 27.07.2011 വരെ ദീർഘിപ്പിക്കണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്കായിരുന്ന ഡി .വിജയകുമാർ, 03.02.2017 ൽ മരണപ്പെട്ടിട്ടുള്ളതിനാൽ ടിയാന്റെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനു മുൻപായി സീനിയർ ക്ലാർക്ക് പ്രൊമോഷൻ അനുവദിച്ച ഡയറക്ടറുടെ നടപടി ഇതിനാൽ സാധൂകരിച്ച് നൽകുകയും, ടിയാന് 26.07.2011 ന് 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ, KS&SSRs 1958 Part II ചട്ടം 13 B 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, 50 വയസ്സ് പൂർത്തിയായിട്ടുള്ളതിന്റെ പിറ്റേദിവസം പ്രൊബേഷൻ പ്രഖ്യാപിക്കുവാൻ കഴിയുന്ന രീതിയിൽ, ടിയാന്റെ പ്രൊബേഷൻകാലം നിയമനാധികാരി

ദീർഘിപ്പിച്ചു നൽകിയ തീയതി അവസാനിച്ച 15.12.1993 മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്ന തീയതിയായ 26.07.2011ന്റെ(50 വയസ്സ് പൂർത്തിയായത്)പിറ്റേ ദിവസം വരെ (27.07.2011) KS& SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡി. വിജയകുമാർ, സീനിയർ ക്ലർക്ക്, തിരുവനന്തപുരം കോർപ്പറേഷൻ(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ